**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1812** **12-09-2023 - ൽ മറുപടിയ്ക്ക്**

**വിദ്യാഭ്യാസ കൺസൾട്ടൻസി സ്ഥാപനങ്ങളുടെ ചൂഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | വിദ്യാർത്ഥികളെ ഉപരിപഠനത്തിനായി വിദേശത്തേക്കും അന്യ സംസ്ഥാനങ്ങളിലേക്കും നിലവാരമില്ലാത്ത വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്ക് അയച്ച് ചൂഷണം ചെയ്യുന്ന കൺസൾട്ടൻസി സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്കെതിരെ വ്യാപക പരാതികൾ വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇത്തരം കൺസൾട്ടൻസികളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിനും ഇവയ്ക്ക് ലൈസൻസും ഏകീകൃത സേവന നിരക്കും ഉൾപ്പെടെയുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തുവാനുമായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) | വിദ്യാഭ്യാസ കൺസൾട്ടൻസികൾ വിദ്യാർത്ഥികളെ ചൂഷണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഫയൽ ചെയ്യപ്പെട്ട കേസിൽ ബഹു. കേരള ഹൈക്കോടതിയുടെ നിർദ്ദേശ പ്രകാരം സംസ്ഥാനത്തെ വിദ്യാഭ്യാസ കൺസൾട്ടൻസികളുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതും പ്രത്യേക നിയമനിർമ്മാണം നടത്തുന്നതുമായുള്ള വിഷയങ്ങൾ പഠിക്കുന്നതിന് കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റി വൈസ് ചാൻസിലർ ഡോ. സജിഗോപിനാഥ് ചെയർമാനായും ഡോ.ആർ.കെ. സുരേഷ് കുമാർ, സുപ്രീം കോടതി അഭിഭാഷകൻ ശ്രീ. ശ്രീറാം പാറക്കാട്ട് എന്നിവരെ അംഗങ്ങളായും ഉൾപ്പെടുത്തി വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. വിദഗ്ദ്ധ സമിതി ശിപാർശ സമർപ്പിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിക്കുവാൻ കഴിയും.<br><br>നിലവിൽ സ്വകാര്യ കൺസൾട്ടൻസികൾക്ക് എതിരെ ലഭിക്കുന്ന പരാതികൾ പോലീസ് ആസ്ഥാനത്തെ അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസിന്റെ നേരിട്ടുള്ള മേൽ നോട്ടത്തിൽ പോലീസ് സുപ്രണ്ട് തലവനായിട്ടുള്ള NRI CELL മുഖേനയാണ് കൈകാര്യം ചെയ്യുന്നത്.<br><br>വിദേശ രാജ്യങ്ങളിൽ പഠനത്തിനെത്തുന്ന വിദ്യാർത്ഥികൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ |

| | | | |
|---|---|---|---|
| | | | പരിഹരിക്കുന്നതിനായി നോർക്ക റൂട്ട്സിന്റെ ഹെഡ് ഓഫീസിൽ ഒരു സ്റ്റുഡന്റ്സ് മൈഗ്രേഷൻ ഫെസിലിറ്റേഷൻ സെന്റർ രൂപീകരിക്കുന്നതിനും വിദേശ രാജ്യങ്ങളിൽ പഠനാർത്ഥം യാത്ര ചെയ്യുന്ന മലയാളി വിദ്യാർത്ഥികൾക്കായി ആതിഥേയ രാജ്യത്തെ സംബന്ധിച്ച വിവരങ്ങൾ നൽകുന്നതിനും വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനും സംശയ നിവാരണത്തിനും അടിയന്തര സാഹചര്യത്തിൽ അവർക്ക് സർക്കാരുമായി ബന്ധപ്പെടുന്നതിനുമായി സ്റ്റുഡന്റ്സ് മൈഗ്രേഷൻ ഫെസിലിറ്റേഷൻ സെന്റർ സജ്ജീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി രാജ്യം, സ്ഥലം, യൂണിവേഴ്സിറ്റി/കോളേജ്, കോഴ്സ്, കോഴ്സ് ഡ്യൂറേഷൻ, ഫോൺ നമ്പർ, നോർക്ക സ്റ്റുഡന്റ്സ് ഐഡി കാർഡ് എന്നീ വിവരങ്ങൾ ഉൾപ്പെടുത്തി ഒരു വെബ് പോർട്ടൽ രൂപീകരിച്ച് വിദേശ പഠനത്തിന് പോകുന്ന എല്ലാ വിദ്യാർത്ഥികളും സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വിദ്യാഭ്യാസ കൺസൽട്ടൻറ് ഏജൻസികളും പ്രസ്തുത പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നതിലൂടെ വിദ്യാർത്ഥികളുടെ വിവരശേഖരണം നടത്തുവാൻ സാധിക്കും. പ്രസ്തുത സെന്ററിന്റെ പ്രവർത്തനത്തിനായി പ്രത്യേകം ഫോൺ നമ്പർ, ഇമെയിൽ ഐഡി, വാട്ട്സ്ആപ്പ് നമ്പർ എന്നീ സംവിധാനങ്ങളും ഒരുക്കുകയും പ്രവാസി മലയാളി വിദ്യാർത്ഥികൾക്ക് നോർക്ക റൂട്ട്സിന്റെ സ്റ്റുഡന്റ്സ് ഐഡി കാർഡ് പദ്ധതിയിൽ അംഗങ്ങളാകാവുകയും ചെയ്യാവുന്നതാണ്. |
| (സി) | സംസ്ഥാനത്തെ എത്ര ശതമാനം വിദ്യാർത്ഥികൾ ഉന്നത വിദ്യാഭ്യാസ രംഗത്ത് മറ്റു സംസ്ഥാനങ്ങളെയും വിദേശ രാജ്യങ്ങളെയും ആശ്രയിച്ചുവരുന്നു എന്നത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ? | (സി) | സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ രംഗത്ത് മറ്റു സംസ്ഥാനങ്ങളെയും വിദേശ രാജ്യങ്ങളെയും ആശ്രയിക്കുന്ന വിദ്യാർത്ഥികളുടെ വിവരം ശേഖരിക്കുന്നതിന് നിലവിൽ സംവിധാനം ഇല്ല. |

സെക്ഷൻ ഓഫീസർ